**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1439** | **28-07-2021 - ൽ മറുപടിയ്ക്ക്**

**പോലീസ് വാഹന പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പോലീസ് ഉദ്യോഗസ്ഥർ വാഹന പരിശോധന നടത്തേണ്ട വിധവും ഇതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങളും സംബന്ധിച്ച് ഡിജിപി എന്തെങ്കിലും ഉത്തരവുകളോ നിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | (എ) | വാഹന പരിശോധന നടത്തേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് ഉത്തരവുകളും നിർദ്ദേശങ്ങളും ഡി.ജി.പി പുറപ്പെടുവിച്ചിട്ടുണ്ട്. സാധാരണ സാഹചര്യങ്ങളിൽ വാഹന പരിശോധന നടത്തുന്ന ഉദ്യോഗസ്ഥരെ സംബന്ധിച്ചും സ്ഥലത്തെ സംബന്ധിച്ചുമുള്ള വിവരങ്ങൾ മുൻകൂറായി അതാത് ജില്ലാ പോലീസ് ആസ്ഥാനങ്ങളിൽ അറിയിക്കേണ്ടതും പ്രത്യേക/ അടിയന്തര സാഹചര്യങ്ങളിൽ വാഹന പരിശോധന ഏർപ്പെടുത്തുമ്പോൾ വിവരം യഥാസമയം അറിയിക്കേണ്ടതുമാണ്. വാഹന പരിശോധന നിമിത്തം അപകടങ്ങളോ യാത്രക്കാർക്ക് അനാവശ്യ ബുദ്ധിമുട്ടുകളോ ഉണ്ടാകാതിരിക്കാൻ ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതും പൊതുജനങ്ങളോട് മാന്യമായി മാത്രം പെരുമാറേണ്ടതുമാണ്. നിയമ ലംഘനങ്ങൾ കണ്ടെത്തുമ്പോഴും, വാഹനമോ രേഖകളോ പിടിച്ചെടുക്കുമ്പോഴും നിയമാനു- സൃതമായ എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. സാധാരണ സാഹചര്യങ്ങളിൽ ഒരു സമയം ഒരു വാഹനം മാത്രമേ തടഞ്ഞു നിർത്തി പരിശോധിക്കാൻ പാടുള്ളൂ. കസ്റ്റഡിയിൽ എടുക്കേണ്ടതില്ലാത്ത സാഹചര്യങ്ങളിൽ യാത്രക്കാരോട് വാഹനത്തിന് പുറത്തിറങ്ങാൻ ആവശ്യപ്പെടാതെ തന്നെ വാഹന പരിശോധന പൂർത്തിയാക്കേണ്ടതാണ്. സാധ്യമായ സാഹചര്യങ്ങളിലെല്ലാം വാഹന പരിശോധനയുടെ ദൃശ്യങ്ങൾ റെക്കോർഡ് ചെയ്യേണ്ടതും ഒരു മാസമെങ്കിലും സൂക്ഷിച്ചു വയ്ക്കേണ്ടതുമാണ്. ഇക്കാര്യങ്ങൾ വിശദമാക്കി- ക്കൊണ്ട് സർക്കുലറുകളും ഉത്തരവുകളും നൽകിയിട്ടുണ്ട്. |
| (ബി) | ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ ഉണ്ടായിട്ടും വാഹനപരിശോധന വേളയിൽ പോലീസ് സ്വീകരിക്കുന്ന നടപടികൾ മൂലം ജനങ്ങളുമായും യാത്രക്കാരുമായും സംഘർഷം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഹനപരിശോധനാ വേളയിൽ ട്രാഫിക് നിയമലംഘനം നടത്തുന്നവരെ കണ്ടെത്തി പിഴ ഈടാക്കുന്ന അവസരങ്ങളിൽ തങ്ങളുടെ തെറ്റ് അംഗീകരിക്കാത്ത യാത്രക്കാർ അവരുടെ യാത്രയ്ക്ക് |

| | | | |
|---|---|---|---|
| | | | തടസ്സം വന്നതിലുള്ള അരിശം കാരണം ചില അവസരങ്ങളിൽ ഇത്തരം സംഭവങ്ങൾ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | കൊല്ലം ജില്ലയിലെ ഓച്ചിറ പോലീസ് സ്റ്റേഷൻ പരിധിയിൽ, കോവിഡ് കാലത്ത് പോലീസിനെ സഹായിക്കാൻ നിയോഗിക്കപ്പെട്ട പോലീസ് വാളണ്ടിയർ സേനയിലെ അംഗങ്ങൾ ദേശീയ പാതയ്ക്ക് കുറുകെ ബാരിക്കേഡ് സ്ഥാപിച്ച് വാഹന പരിശോധനക്ക് അധികാരമുള്ള പോലീസ് ഉദ്യോഗസ്ഥരുടെ അസാന്നിധ്യത്തിൽ വാഹന പരിശോധന നടത്തുന്നതിന് പോലീസ് അനുമതി നൽകിയിട്ടുണ്ടോ; പ്രസ്തുത പരിശോധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എങ്കിൽ തുടർ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | അനുമതി നൽകിയിട്ടില്ല. പോലീസിനെ സഹായിക്കാൻ നിയോഗിക്കപ്പെട്ട വാളണ്ടിയർ സേനയിലെ അംഗങ്ങൾ പോലീസ് ഉദ്യോഗസ്ഥരുടെ അസാന്നിദ്ധ്യത്തിൽ വാഹന പരിശോധന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി ലോക്ക്ഡൗൺ കാലയളവിൽ വാഹന പരിശോധനാ വേളയിൽ പോലീസ് ഉദ്യോഗസ്ഥരെ സഹായിക്കുന്നതിന് മാത്രമാണ് വോളന്റിയേഴ്സിനെ നിയോഗിച്ചിരുന്നത്. പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ അല്ലാതെ വോളന്റിയേഴ്സിനെ മാത്രമായി ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ